'ഭരണഭാഷ- മാതൃഭാഷ'

15 YEARS OF CELEBRATING THE MAHATMA

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - പഞ്ചായത്ത് ജീവനക്കാര്യം - മലപ്പുറം ജില്ലയിലെ അങ്ങാടിപ്പുറം ഗ്രാമപഞ്ചായത്ത് മുൻ സെക്രട്ടറി ശ്രീ. കെ. സിദ്ദീഖ് സമർപ്പിച്ച അപ്പീൽ അപേക്ഷ - നിരസിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

**തദ്ദേശ സ്വയംഭരണ (ഇപിബി) വകുപ്പ്**

**സ.ഉ.(സാധാ) നം.1561/2019/ത.സ്വ.ഭ.വ തീയതി,തിരുവനന്തപുരം, 24/07/2019**

പരാമർശം:- 1 പഞ്ചായത്ത് ഡയറക്ടറുടെ 23.08.2017-ലെ ഡി4-21790/15 നമ്പർ നടപടിക്രമങ്ങൾ

2 ശ്രീ. കെ. സിദ്ദീഖ് സമർപ്പിച്ച 13.06.2018-ലെ അപ്പീൽ അപേക്ഷ

3 പഞ്ചായത്ത് ഡയറക്ടറുടെ 07.01.2019-ലെ ഡി4-21790/15 നമ്പർ കത്ത്

**ഉത്തരവ്**

മലപ്പുറം ജില്ലയിലെ അങ്ങാടിപ്പുറം ഗ്രാമപഞ്ചായത്തിൽ കെട്ടിട നിർമ്മാണച്ചട്ടങ്ങൾക്ക വിരുദ്ധമായി കെട്ടിട നമ്പർ അനുവദിച്ചതിലെ ക്രമക്കേടുമായി ബന്ധപ്പെട്ട് അങ്ങാടിപ്പുറം ഗ്രാമപഞ്ചായത്ത് സെക്രട്ടറിയായിരുന്ന ശ്രീ. കെ സിദ്ദീഖിന്റെ ഒരു വാർഷിക ശമ്പള വർദ്ധനവ് സഞ്ചിത ഫലത്തോടെയല്ലാതെ ഒരു വർഷത്തേക്ക് തടയുക എന്ന ശിക്ഷ നൽകി പഞ്ചായത്ത് ഡയറക്ടറുടെ പരാമർശം (1) നടപടിക്രമങ്ങൾ പ്രകാരം അച്ചടക്ക നടപടി തീർപ്പാക്കി ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. പ്രസ്തുത ഉത്തരവിനെതിരെ ശ്രീ.കെ സിദ്ദീഖ് പരാമർശം ( 2 ) പ്രകാരം അപ്പീൽ അപേക്ഷ സമർപ്പിക്കുകയുണ്ടായി. ഇതു സംബന്ധിച്ച് പഞ്ചായത്ത് ഡയറക്ടർ പരാമർശം (3) പ്രകാരം ലഭ്യമാക്കിയ റിപ്പോർട്ടിൽ 1960 ലെ കേരള സിവിൽ സർവീസ് (തരം തിരിവും നിയന്ത്രണവും അപ്പീലും) ചട്ടങ്ങളിലെ അപ്പീൽ ചട്ടങ്ങൾ പ്രകാരം ഏതു ഉത്തരവിനെതിരെയാണോ അപ്പീൽ ബോധിപ്പിക്കേണ്ടത് ടി ഉത്തരവിന്റെ പകർപ്പ് അപ്പീൽ വാദിക്ക് ലഭിക്കുന്ന തിയ്യതി മുതൽ 2 മാസക്കാലയളവിനുള്ളിൽ അപ്പീൽ സമർപ്പിക്കേണ്ടതാണ് എന്ന് പരാമർശിച്ചിട്ടുണ്ടെന്നും പ്രസ്തുത കാലാവധിയ്ക്ക് ശേഷമാണ് ശ്രീ. കെ. സിദ്ദീഖ് അപ്പീൽ അപേക്ഷ സമർപ്പിച്ചതെന്നും റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

സർക്കാർ ഇക്കാര്യം പരിശോധിച്ചു. 1960 ലെ കേരള സിവിൽ സർവ്വീസസ് (തരംതിരിക്കലും, നിയന്ത്രണവും, അപ്പീലും) ചട്ടങ്ങളിൽ ചട്ടം 25 പ്രകാരം അപ്പീലിന് ആധാരമായ ഉത്തരവ് കൈപ്പറ്റി 60 ദിവസത്തിനകം അപ്പീൽ അധികാരിക്ക് അപ്പീൽ അപേക്ഷ സമർപ്പിക്കണമെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ പഞ്ചായത്ത് ഡയറക്ടർ 23.08.2017-ൽ പുറപ്പെടുവിച്ച ഉത്തരവിനെതിരെ 13.06.2018-ലാണ് ശ്രീ. സിദ്ദീഖ് അപ്പീൽ അപേക്ഷ സമർപ്പിച്ചിട്ടുള്ളത്. ഈ സാഹചര്യത്തിൽ അപ്പീൽ അപേക്ഷ സമർപ്പിക്കുവാൻ രണ്ട് മാസത്തിലധികം കാലതാമസം വന്നതിനാൽ അപ്പീൽ അപേക്ഷ പുനഃപരിശോധിക്കേണ്ടതില്ലായെന്നുകണ്ട് അങ്ങാടിപ്പുറം ഗ്രാമപഞ്ചായത്ത് സെക്രട്ടറിയായിരുന്ന ശ്രീ. കെ. സിദ്ദീഖ് സമർപ്പിച്ച അപ്പീൽ അപേക്ഷ നിരസിച്ച് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
**രമണി മാത്യൂ**
**അഡീഷണല് സെക്രട്ടറി**

പകർപ്പ്

1. പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
2. ശ്രീ. കെ. സിദ്ദീഖ്, മുൻ സെക്രട്ടറി, അങ്ങാടിപ്പുറം ഗ്രാമപഞ്ചായത്ത്

   (പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം മുഖേന)
3. അക്കൗണ്ടന്റ് ജനറൽ (എ&ഇ)/(ആഡിറ്റ്), കേരള, തിരുവനന്തപുരം/തൃശ്ശൂർ
4. പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, മലപ്പുറം
5. ഡയറക്ടർ, ഐ.കെ.എം., തിരുവനന്തപുരം
6. വിവര, പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്
7. കരുതൽ ഫയൽ/ഓഫീസ് കോപ്പി (ഫയൽ നം.ഇപിബി3/3/2019/തസ്വഭവ)

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ